അവർ ഇതിനായി ഉപയോഗിക്കുന്ന വാഹനങ്ങളും ഉപകരണങ്ങളും മറ്റും കസ്റ്റഡിയിലെടുക്കുന്നതിനുമായി താലൂക്ക് തലത്തിലും ജില്ലാ തലത്തിലും റവന്യൂ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സ്ക്വാഡുകൾ രൂപീകരിക്കുകയും ടി സ്ക്വാഡുകൾ അനധികൃത കടവുകളിൽ പരിശോധന നടത്തുകയും ചെയ്യുന്നു. കൂടാതെ പോലീസും നിരന്തരം റെയിഡുകൾ നടത്തിവരുന്നു. ഇതനുപുറമേ നദികളിൽ രാത്രികാലങ്ങളിൽ പോലീസ് പട്രോളിംഗ് നടത്തുന്നു. ഇങ്ങനെ കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ/വള്ളങ്ങൾ, കേരള നദീതീര സംരക്ഷണ നിയമം അനുശാസിക്കുംവിധം നടപടികൾ പൂർത്തിയാക്കിയശേഷം ജില്ലാ കളക്ടറാണ് വിട്ടുതൽ ചെയ്യുന്നത്. നദികളിൽ നിന്നുള്ള അനധികൃത മണൽ വാരൽ തടയുന്നതിനും, മണൽ മാഫിയയെ നിയന്ത്രിക്കുന്നതിനും മൊത്തത്തിൽ നദികളുടേയും നദീതീരങ്ങളുടേയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും പ്രത്യേക നദീസംരക്ഷണ സേന രൂപീകരിക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

ഭൂമിക്ക് ഫെയർവാല്യൂ നിശ്ചയിച്ചത് സംബന്ധിച്ച്

171(877) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-1-2010-നുശേഷം രജിസ്റ്റർ ചെയ്ത ഏതെല്ലാം കാരണങ്ങൾക്കാണ് ഫെയർവാല്യൂ സർക്കാർ നിശ്ചയിച്ചിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് ഫെയർവാല്യൂ എന്നുമുതലാണ് നടപ്പാക്കിയത് ;

(സി) ഫെയർവാല്യൂ നിശ്ചയിച്ച ഏതെങ്കിലും പ്രദേശത്ത് അത് നടപ്പാക്കേണ്ടതില്ലെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അത് ഏതെല്ലാം പ്രദേശങ്ങളിലാണ് ;

(ഇ) പ്രസ്തുത നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1-4-2010 തീയ്യതി മുതലാണ് സംസ്ഥാനത്ത് ന്യായവില നടപ്പിലാക്കിയിട്ടുള്ളത്. കേരള ഫിനാൻസ് ബിൽ, 2010 പ്രകാരം 1959-ലെ കേരള മുദ്രപത്ര നിയമത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച് പട്ടിക ആർട്ടിക്കിൾ 21, 22 എന്നിവ പ്രകാരമുള്ള തീറാധാരങ്ങൾക്കും, ആർട്ടിക്കിൾ 29 പ്രകാരമുള്ള പരസ്പര കൈമാറ്റാധാരങ്ങൾക്കും, ആർട്ടിക്കിൾ 31 പ്രകാരമുള്ള ദാനാധാരങ്ങൾക്കും, ആർട്ടിക്കിൾ 42 പ്രകാരമുള്ള ഭാഗപത്രങ്ങൾക്കും ആർട്ടിക്കിൾ 44(ഇ), (എഫ്) എന്നിവ പ്രകാരമുള്ള മുക്ത്യാർനാമങ്ങൾക്കും, ആർട്ടിക്കിൾ 48 പ്രകാരമുള്ള ഒഴിമുറി ആധാരങ്ങൾക്കും, ആർട്ടിക്കിൾ 51 പ്രകാരമുള്ള ധനനിശ്ചയാധാരങ്ങൾക്കുമാണ് ഫെയർവാല്യൂ ബാധകമാക്കിയിട്ടുള്ളത്.

(ബി) 1-4-2010 മുതലാണ് സംസ്ഥാനത്ത് ന്യായവില നടപ്പിലാക്കിയിട്ടുള്ളത്.

(സി) ഇല്ല.

(ഡി&ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly